*For circulation among believers only*

റിന്യൂവൽ: ആത്മീയ പുതുക്കത്തിന്

# റിന്യൂവൽ വാർത്താപത്രിക

Reg. No. M6/33628/2001

Postal Reg. No. KL/CR/EKM/429/2006-08

Annual Subscription Rs. 50

വാല്യം - 7 | ലക്കം - 3 | ഫെബ്രുവരി 2008

# വടക്കൻ ഛത്തീസ്ഗഢിൽ മാറ്റത്തിന്റെ കാറ്റ്



*ഗ്രാമസുവിശേഷീകരണം*

**ഗോ**ദാവരിയുടെ കൈവഴിയായി ഒഴുകുന്ന ഇന്ദ്രാവതി തെക്കൻ ചത്തീസ്ഗഢിലൂടെ ശാന്തമായ് ഒഴുകുന്നു. ദണ്ടേവാഡ പട്ടണത്തിൽ നിന്നും കിലോമീറ്ററുകൾക്കകലെ അബ്ജ്മഡിലെത്തുമ്പോൾ നദിയുടെ വീതി കൂടുന്നു. ഇവിടെ ഒരു ഭാഗം സർക്കാർ അധീനതയിലാണെങ്കിലും മറുകര മാവോയിസ്റ്റ് തീവ്രവാദികളുടെ സാന്നിദ്ധ്യംകൊണ്ട് കുപ്രസിദ്ധമാണ്.



*ഹാരിസൺ റോട്ട്*

ഗോണ്ടുകൾ, അബുജ്മരിയകൾ, ഹൽബാസ് തുടങ്ങിയ ഗോത്രവർഗ്ഗക്കാരാണ് ധാതുനിക്ഷേപങ്ങൾ കൊണ്ട് സമൃദ്ധമായ ഈ പ്രദേശത്തെ വനാന്തരങ്ങളിൽ താമസിക്കുന്നത്. ചത്തീസ്ഗഡിലെ ഗോത്ര ജനസംഖ്യയുടെ 27 ശതമാനവും കടുത്ത ദാരിദ്രത്തിലാണ് കഴിയുന്നത്. പകർച്ച വ്യാധിയായ മലേറിയയും ഇവരുടെ സന്തത സഹചാരിയാണ്. ആദിവാസികൾ ആറ് മാസ കാലത്തോളം ഘോലോർസ എന്നു പേരിലു ള്ള വലിപ്പമേറിയ അരി കൃഷിചെയ്യുന്നു. പട്ടണത്തിൽ നിന്ന് വരുന്ന വ്യാപാരികൾ ഇവരുടെ ബീഡിയില ഉൾപ്പടെയുള്ള കൃഷി ഉത്പന്നങ്ങൾ വാങ്ങുന്നു. വില നിശ്ചയിക്കുന്നത് മാവോയിസ്റ്റുകൾ! തോക്കിന്റെ നിഴലിലാണെങ്കിലും ഈ ആദിവാസികൾ വ്യാപാരികളുടെ ചൂഷണത്തിനിരകളാണ്. തെക്കൻ ചത്തീസ്ഗഡിന്റെ ചിത്രം ഇതാണെങ്കിൽ വടക്ക് മാറ്റത്തിന്റെ കാറ്റ് മന്ദം വീശുകയാണ്. മദ്ധ്യപ്രദേശ് വിഭജിച്ച് 2000 നവംബർ 1ന് നിലവിൽ വന്ന ഛത്തീസ്ഗഡ് സംസ്ഥാനം ഭാരതത്തിന്റെ 'നെല്ലറ'യാണ്. ആദിവാസി സംസ്ഥാനമായ ഛത്തീസ്ഗഡിൽ 16 ജില്ലകളുള്ളതിൽ 12 എണ്ണത്തിലും ഏതെങ്കിലും നിലയിൽ നമ്മുടെ സഭാ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ വടക്കൻ ജില്ലകളായ റായ്ഗഡ്, ജെഷ്പൂർ, ചാപ്പാ ജാൻഗീർ, സർഗുജാ എന്നീ ജില്ലകളിൽ പ്രവർത്തനങ്ങളില്ലാതിരിക്കുമ്പോഴാണ് 1998 സഹോദരൻ റോബിൻസൺ റോട്ട് റായ്ഗഡിലേക്കു പുറപ്പെട്ടത്. (അന്ന് മദ്ധ്യപ്രദേശ്) 1996ൽ താൻ വേലയ്ക്കായി സമർപ്പിച്ചു. രണ്ടുവർഷം ബിലാസ്പൂർ സഭയോടു ചേർന്നു പ്രവർത്തിച്ചു. 1977ൽ ബിലാസ്പൂരിൽ പ്രവർത്തനമാരംഭിച്ച സഹോ. ഹാരിസൺ റോട്ടിന്റെ മൂത്ത മകനാണ് റോബിൻസൺ. രണ്ടുവർഷത്തെ പ്രവർത്തനശേഷം 2000-ൽ റായിഗഡിൽ കൂടിവരവ് ആരംഭിച്ചു. 2006ൽ കുൻകുറി, ഹർഡി എന്നിവിടങ്ങളിലും കൂടിവരവുകൾ ഉണ്ടായി. ജരൺ വില്ലേജിൽ ധാരാളം വിശ്വാസികൾ ഉണ്ടെങ്കിലും കത്തൃമേശയുടെയു ള്ള കൂടിവരവ് ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ ലക്ഷ്യത്തിൽ റോബി ൻസന്റെ ഇളയസഹോദരൻ ബെഞ്ചമിൻ റോട്ടും കുടുംബവും ഈയടുത്ത ദിവസങ്ങളിൽ ബിലാസ്പൂരിൽ നിന്നും ലൈലൂംഗാ ഗ്രാമത്തിലേക്ക് താമസം മാറ്റുകയാണ്. ഫെബ്രുവരി 17ന് കൂടിവരവ് ആരംഭിക്കും. (ബെഞ്ചമിൻ



*റോബിൻസൺ റോട്ടും കുടുംബവും*



*ബെഞ്ചമിൻ റോട്ടും കുടുംബവും*

എം.എ. പാസ്സായ ശേഷം എം.റ്റി. എച്ചും കഴിഞ്ഞതാണ്. നല്ലൊരു ഗായകനുമാണ്).

## റായ്ഗഡ്

ബിലാസ്പൂരിൽ നിന്നും 180 ഓളം കിലോമീറ്റർ അകലെയാണ് റായ്ഗഡ്. റോബിൻസൺ കുടുംബമായി താമസിക്കുന്ന വീട്ടിലാണ് കൂടിവരവ്. ഹാളിന് ഒരു സ്ഥലം

*ശേഷം 3-ാം പേജിൽ*

## എസ്.എസ്.എൽ. ക്യാമ്പ് 08

2008-ലെ എസ്.എസ്.എൽ. ക്യാമ്പുകൾ ഏപ്രിൽ 2 മുതൽ 7 വരെ നടക്കുന്നു. ആത്മീയ വിഷയങ്ങളിലും അക്കാഡമിക് കാര്യങ്ങളിലും പരിശീലനം ലഭിക്കുന്ന ഈ ക്യാമ്പ് 10-ാം ക്ലാസ്സിൽ പരീക്ഷയെഴുതുന്നവർക്കുവേണ്ടിയുള്ളതാണ്. പ്രാദേശിക ബ്രദ്റൻ സഭകളുടെ സഹകരണത്തിൽ 20ഓളം വർഷങ്ങളായി നടക്കുന്ന ക്യാമ്പുകളെ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കുക. എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിലുള്ളവർക്ക് അങ്കമാലി അസ്സീസി ശാന്തി ക്യാമ്പ് സെന്ററിലും കോട്ടയം, ഇടുക്കി, പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലുള്ളവർക്ക് അടൂർ മർത്തോമ്മ യൂത്ത് സെന്ററിലുമാണ് ക്രമീകരിച്ചിരിക്കുന്നത്. ജനറൽ കൺവീനർ - തോമസ് ജോൺ; കൺവീനേഴ്സ് - ടി.സി. രാജൻ, ബൈജു എം. ജോസഫ്, പി. ജെയിംസ്, റോബർട്ട് തോമസ്. രജിസ്റ്റർ ചെയ്യുന്നതിനുള്ള വിലാസം : SSL Camp, Post Box No. 4, Kuttappuzha PO., Thiruvalla - 689 103.

കൂടുതൽ വിവരങ്ങൾക്ക് : 9447341237, 9447414222

# ഒറീസ്സയിലെ ക്രിസ്ത്യാനികൾക്കു നേരെ ആക്രമണം മറ്റൊരു കളങ്കം

ക്രിസ്തീയ വിരോധ സംഘടനകൾ അതിക്രൂരമായ് അഴിച്ചുവിട്ട അക്രമ പരമ്പരയ്ക്കൊടുവിൽ ഒറീസയിലെ കൺന്തമാൽ, ഗജതാത്തി ജില്ലകൾ പൂർവ്വ സ്ഥിതിയിലേക്ക് മടങ്ങികൊണ്ടിരിക്കുന്നു. ഒറീസയ്ക്ക് വീണ്ടും നാണക്കേടുണ്ടാക്കിയ ഈ സംഭവത്തിന്റെ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 6 പേർ കൊല്ലപ്പെട്ടു. ക്രിസ്തീയ സ്ഥാപനങ്ങളും, പള്ളികളുമടക്കം എഴുപതോളം കെട്ടിടങ്ങൾ തകർക്കപ്പെട്ടു. പതിനഞ്ച് ബസ്സുകളും ഇരുപത്തയിഞ്ച് മോട്ടോർ സൈക്കിളുകളും നശിപ്പിച്ചു. 600-ഓളം വീടുകൾ ആക്രമണത്തിനിരയായി. 5000-ത്തോളം വരുന്ന ക്രിസ്തീയ സമൂഹം ഇപ്പോഴും ഭീതിയുടെ നിഴലിലാണ്.

കഴിഞ്ഞ ക്രിസ്തുമസ് ആഘോഷത്തിനിടെയുണ്ടായ വാക്കുതർക്കമാണ് വൻ ആക്രമണത്തിൽ കലാശിച്ചത്. ക്രിസ്തീയ സമൂഹത്തെ ഒന്നായ് വേട്ടയാടിയ വർഗ്ഗീയ വാദികൾ കന്യാസ്ത്രീ മിഷണറിമാരെയും വെറുതെ വിട്ടില്ല. മദർ തെരെസ്സാ സന്യാസ സമൂഹത്തിന്റെ ഇപ്പോഴത്തെ മദർ നിർമ്മല കർവാൽഹോ ഇങ്ങനെയാണ് ഈ സംഭവത്തിനുശേഷം പ്രതികരിച്ചത് - "സ്വതന്ത്ര ഇന്ത്യയ്ക്ക് ആകെ നാണക്കേടുണ്ടാക്കിയ സംഭവമാണ് ഇത്. ഇതിന് മറുപടി പോരാട്ടമല്ല. സ്നേഹം എന്ന ആയുധമാണ് ഉപയോഗിക്കേണ്ടത്."



*തകർക്കപ്പെട്ട വീടുകൾ*

നിയമപാലകർ പോലും പകച്ചു നിന്ന ഈ സംഭവത്തിൽ ചില പ്രോട്ടസ്റ്റന്റ് മിഷണിമാരും സ്ഥാപനങ്ങളും ആക്രമണത്തിനിരയായി. കേന്ദ്രസർക്കാരിന്റെ ഇടപെടലും ഇടതു നേതാവായ സീതാറാം യെച്ചൂരിയുടെ സന്ദർശനത്തിനു ശേഷവുമാണ് സ്ഥിതി കുറെ നിയന്ത്രാണാധീനമായത്. മറ്റ് ജില്ലകളിലേക്ക് വ്യാപിക്കാതിരിക്കാനും ഇത് കാരണമായി. നമ്മുടെ സുവിശേഷകർക്കും സ്ഥാപനങ്ങൾക്കും അതുകൊണ്ടു തന്നെ ഇതിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കേണ്ടി വന്നില്ല.

തുടർന്നും ഒറീസയ്ക്കു വേണ്ടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. പുതിയ കണ്ടെത്തലനുസരിച്ച് ഭീഷണിപ്പെടുത്തി തിരിച്ച് ഹിന്ദുസത്തിലേക്ക് മതം മാറ്റുന്ന പ്രക്രിയ നടക്കുന്നത് ഏറ്റവും കൂടുതൽ ഒറീസയിലാണ്.



*തകർക്കപ്പെട്ട പെന്തക്കോസ്ത് സഭാഹാൾ*

# റ്റി.എം.എം. സംഗമം

ഇന്ത്യൻ റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ ഭരണസമിതി അംഗങ്ങളും ആശുപത്രി ജീവനക്കാരും ചേർന്നുള്ള റിപ്പബ്ലിക്ക് ദിനാഘോഷവും സംഗമവും നടന്നു. ജനുവരി 26ന് രാവിലെ 8.30ന് തിരുവല്ല സബ്ബ് കളക്ടർ ശ്രീ. പ്രണബ് ജ്യോതിനാഥ് IAS പതാക ഉയർത്തി. ആ സമയത്ത് ഭരണസമിതിയിലെ ഭൂരിഭാഗം അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും, ഡോക്ടേഴ്സും, ആശുപത്രി ജീവനക്കാരും, നേഴ്സിംഗ് കോളേജ്, സ്കൂൾ വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു. ദേശീയ ഗാനത്തിന്റെ അകമ്പടിയോടെയാണ് പതാക ഉയർത്തിയത്. തുടർന്ന് രാജ്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. അഡ്മിനിസ്ട്രേറ്റർ സാം എബ്രഹാം പാറയിൽ സ്വാഗതം പറഞ്ഞു. വി.എം. എബ്രഹാം, ഡോ. കുഞ്ഞപ്പൻ ജോൺ എന്നിവർ പ്രാർത്ഥിച്ചു. 9.30 മുതൽ ചാപ്പലിൽ പ്രത്യേക സമ്മേളനം നടന്നു. യോഗത്തിൽ അലക്സാണ്ടർ കുര്യൻ, ജോൺ കുര്യൻ എന്നിവർ പ്രസംഗിച്ചു. റ്റി.എം.എമ്മിന്റെ ദർശനത്തെപ്പറ്റി ചെയർമാൻ കേണൽ (റിട്ട.) അലക്സ് വർഗ്ഗീസ് സംസാരിച്ചു. കെ. തോമസ് മാത്യു ചെയർ പേഴ്സൻ ആയിരുന്നു. സെക്രട്ടറി ജോൺ വി. എബ്രഹാം കൃതജ്ഞത പറഞ്ഞു. ഇതേ സമയം തന്നെ സ്റ്റാഫിന്റെ കുട്ടികൾക്കും റ്റി.എം.എം. സണ്ടേസ്കൂൾ കുട്ടികൾക്കുമായി ഓഡിറ്റോറിയത്തിൽ ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രിയുടെ പ്രത്യേക പ്രോഗ്രാമും നടന്നു. ഉച്ചഭക്ഷണത്തിനു ശേഷം ഈ വർഷം റ്റി.എം.എമ്മിൽ ശുശ്രൂഷയ്ക്കായി വിളിച്ചിരിക്കുന്ന സുവിശേഷകർക്കായ് ഓറിയന്റേഷൻ ക്ലാസ് നടന്നു. ആശുപത്രിയുടെ ഉദ്ദേശവും, സുവിശേഷവൽക്കരണത്തിന്റെ സാധ്യതയും ഊന്നി പറഞ്ഞ ചെയർമാൻ അലക്സ് വർഗ്ഗീസ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന സുവിശേഷകർ വലിയ ജോലിയാണ് ചെയ്യുന്നത് എന്നു പറഞ്ഞു.



*സബ്ബ് കളക്ടർ പതാക ഉയർത്തുന്നു*

തുടർന്ന് സന്ദേശം നൽകി ജോൺ കുര്യൻ ഇങ്ങനെ പറഞ്ഞു. "യേശുക്രിസ്തു പാപികളെ രക്ഷിക്കുവാൻ ലോകത്തിൽ വന്നു. തന്റെ പരസ്യ ജീവിതത്തിൽ സുവിശേഷം മാത്രം പ്രസംഗിച്ചല്ല

*ശേഷം 3-ാം പേജിൽ*

YOUTH GUIDE

## The Necessity of Law at Homes

# Honouring Parents

If a group of people should live together in harmony, they need to have laws to abide by. Each one in the group should adhere to those rules and regulations. This is not only true for a community; it is also true for a family or a nation.

The first four of the Ten Commandments lays down rules of our duty to the Almighty. This is to say that God has to be given the first priority in our duty and life. If we place God in the center of our life, we can never go wrong. The second rule which the ten Commandments lays down is our duty to our parents. 'Honor your father and mother, so that your days may be prolonged in the land which the Lord your God gives you (Exodus 20:12)', the rule is clear and needs no explanation! The Old Testament is very stern about this. Among the ancient Greeks, there was so much emphasis on children's duty to their parents, that a son who did not support his parents when and where it was needed, could be put in prison and heavily fined.

We ought to honour our parents for two reasons :-

First and foremost, we owe them our very lives. Our parents are God's provision for us in order to lead us in the right path, protect us and care for us as long as God permits. We ought to show our gratitude and respect to those grand individuals to whom we owe our lives.

Secondly, if we are journeying along a path which is dangerous, the best way would be to take advice from people who have journeyed along that road before, as they know the pitfalls and dangers that lie ahead.

Apostle Paul has pointed out the same thought in the book of Colossians and expanded the principle in the other passages. We have no authority to ignore any part of scripture. We need to consider the scripture as a whole and not select and expound verses here and there. The command to honour our father and mother is the only one of the Ten Commandments which has a promise connected to it. Honouring our parents, (Paul repeats this promise) directs us to a longevity of life on the face of the earth. This certainly should encourage us to obey this commandment and fulfill our duty to our parents. To obey your parents is to obey God. If we are going against our parents, we need to first do some serious soul searching.

Honouring our parents is the easiest of all commandments. It is easy to obey because it is natural to act in that way. This commandment is as if it were built into the very structure and fibre of our human life. This is not a commandment that we find only in the Bible. There never has been a society where this order of life was not accepted as binding. If we examine Greek history, we will find among the ancient Greeks that there was so much emphasis on children's duty to their parents; that a son who did not support his parents when it is required, should loose his right as a citizen. The Greeks believed that honouring parents was part of the basic duty of every citizen of the state. Anyone who has good parents and does not realize the duty of honouring them is evidently an unnatural person.

If we take into consideration the faults in the life of children, ingratitude is the ugliest and most hurting. Considering the great trouble they have undertaken to bring up their children, every parent is worthy of receiving honour and gratitude. Therefore to honour our parents is prime and a matter or principle of common sense. They have already journeyed along the paths of life before us, and therefore they know the dangers and perils which may approach us everyday. For a travel to an unfamiliar place, a map and guide book is helpful to an extent. Parents are the best guide map available for a child. It is the solemn duty of a parent to give apt advice wherever or whenever that is required. Their solemn words of advice are not authority of any kind but it is wisdom for their experience. The individuals who abstain from listening to the voice of experience will bring in devastations for themselves throughout their life.

Napolean on one occasion refused to listen to the voice of experience of a subordinate. Napolean assigned himself to invade Russia during extreme winter. He was warned by experienced military guards that there were signs of extreme winter coming in. He did not take heed and his grand army was defeated. His refusal to the advice ended in trouble.

We honour our parents by loving them and by showing them we love them. We honour our parents by doing the things which bring pleasure and pride to them. Nothing pleases parents better than to see their children do well.

There is one thing left to be noted. Jesus once said, ''He who loves his father and mother more than me is not worthy of me''. Loyalty to our Lord Jesus Christ can clash with the deepest and the greatest loyalty in life. We must demonstrate our gratitude to our parents and listen to their voice of experience. We should honour them by loving them and by show we love them thorugh our actions; But, remember, the greatest loyalty and fidelityof all is to honour Jesus Christ our Lord and Saviour.

Finally, here are some reasons to obey our parents - Obedience adorns the Gospel. (Titus 2:9,10), It is evidenc of a changed life. (2 Cor 5:17), it testifies to the truth of our faith (Math 5:17), leads to prosperity (Psalms 25:12,13), leads to peace of conscience (Acts 24:16), and is forerunner everlasting life. (Romans 6:22).



V.M. Thomas, Ernakulam.

## 'യോസേഫിനോടുള്ള അസൂയ'

വിശുദ്ധിയും നിർമ്മലതയും ഉള്ളതും വേർപെട്ടതുമായ ഒരു ജീവിതത്തിന് ദൈവാത്മാവ് എപ്പോഴും മനുഷ്യ ഹൃദയങ്ങളെ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്നു. ഓരോ തലമുറയിലും ഈ വിളിക്ക് ശരിയായി പ്രതികരിക്കുന്നവർ കുറവാണെന്നത് സങ്കടകരം തന്നെ. വളരെ ബാല്യത്തിൽ തന്നെ യോസേഫ് ദൈവത്തിന്റെ വിളികേട്ടു. സമർപ്പണത്തിനും നീതിയുള്ള ജീവിതത്തിനുമുള്ള ഇതേ വിളി യോസേഫിന്റെ മൂത്തവരായ പത്തു സഹോദരൻമാർക്കും ലഭിച്ചതാണ്. പക്ഷേ അവർ ലോകത്തോട് ചേർന്നു നിന്നു. ദൈവത്തിന്റെ കാര്യത്തിൽ അവർക്ക് പാതി മനസ്സേ ഉണ്ടായിരുന്നുള്ളു. രണ്ട് സന്ദർഭങ്ങളിലെങ്കിലും യാക്കോബിന്റെ എല്ലാ മക്കൾക്കും വ്യക്തമായി ദൈവാത്മാവിന്റെ വിളി കിട്ടിയിരുന്നു ഒന്നാമത് ശേഖേമിൽ ഇസ്രായേലിന്റെ ദൈവത്തിന് യാക്കോബ് യാഗപീഠം പണിതപ്പോൾ. തീർച്ചയായും മുട്ടുമടക്കി ദൈവത്തെ ആരാധിക്കുകയും പിൻപറ്റുകയും ചെയ്യാൻ യാക്കോബ് തന്റെ പുത്രൻമാരോട് പറഞ്ഞുകാണും.

പക്ഷേ യോസേഫിന്റെ സഹോദരൻമാർ പ്രതികാരത്തിനും രക്തം ചിന്താനുമുള്ള മാർഗ്ഗമാണ് തെരഞ്ഞെടുത്തത്. അവരുടെ സഹോദരിയെ അപമാനിച്ചതിന് ശേഖേം പട്ടണത്തിന് തീ വയ്ക്കുകയും ആണിനെയൊക്കെ കൊന്നുകളയുകയും ചെയ്തു. അവരുടെ അതിക്രമം നിമിത്തം "തന്നെ കനാന്യരുടെ ഇടയിൽ നാറ്റിച്ചു" എന്നാണ് യാക്കോബ് പറയുന്നത് (ഉൽപത്തി 34).

എങ്കിലും ദൈവം അവരെ ബെഥേലിൽവച്ച് വീണ്ടും സന്ദർശിച്ചു. തന്റെ പുത്രൻമാർ വിശുദ്ധിവിട്ട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞപ്പോൾ അന്യദേവൻമാരെ നീക്കിക്കളഞ്ഞു ശുദ്ധീകരിക്കുവാൻ (ഉൽപത്തി 35:2,3) യാക്കോബ് അവരോട് പറഞ്ഞു ദൈവ വചനത്തിൽ ഏറ്റവും വ്യക്തമായ ഒരു വിളിയാണിത്. "ശുദ്ധീകരിച്ച് വസ്ത്രം മാറുവിൻ". യാക്കോബിന്റെ പുത്രൻമാർ 'അന്യദേവൻമാരേയും കാതുകളിലെ കുണുക്കുകളും' കൊടുത്തെങ്കിലും ഹൃദയത്തിനു വ്യത്യാസം വന്നില്ല. പക്ഷേ യോസേഫിന് ഹൃദയത്തിനു വ്യത്യാസമുണ്ടായിരുന്നു. ഹൃദയത്തിൽ നിർമ്മലനായിരുന്നു. തന്റെ സഹോദരൻമാരുടെ ദുഷ്ടതകണ്ട് ഹൃദയം തകർന്നു, പിതാവിനോട് അതു പറഞ്ഞു. തന്റെ പിതാവ് യോസേഫിനെ അധികം സ്നേഹിച്ചു നിലയങ്കി ഉണ്ടാക്കികൊടുത്തു. അപ്പൻ തങ്ങൾ എല്ലാവരേക്കാളും അധികം അവനെ സ്നേഹിക്കുന്നു എന്ന് യോസേഫിന്റെ സഹോദരൻമാർ കണ്ടിട്ട് അവനെ പകെച്ചു!. രക്ഷയേ സംബന്ധിച്ച് ദൈവത്തിന് മുഖപക്ഷമില്ല; എല്ലാവരും ഒരുപോലെ. പക്ഷേ വേർപാടിനും വിശുദ്ധിക്കുമുള്ള തന്റെ വിളിക്ക് പ്രതികരിക്കുന്നവരോട് തന്റെ പ്രത്യേക കടാക്ഷം (പ്രീതി) ഉണ്ട് (ഇയ്യോബ് 10:12, സങ്കീ. 5:12, 1 ശമു 2:26).

തന്റെ സഹോദരൻമാർ യോസേഫിനെ തിരസ്കരിക്കാനും, തെറ്റിദ്ധരിക്കാനും, പരിഹസിക്കാനും ഇടയായി (ഉൽപത്തി 37:4). കാരണം എന്താണെന്ന് ഉൽപത്തി 37:11ൽ പറയുന്നു. അവർക്ക് അവനോട് 'അസൂയ' തോന്നി. യോസേഫ് ധരിക്കുന്ന നിലയങ്കി കാണുമ്പോൾ അത് പ്രീതിയുടേയും നീതിയുടേയും അടയാളമാണ് എന്ന് അവർക്ക് അറിയാമായിരുന്നു. അത് അവർ വെറുത്തു. അവർക്കും വിളി കിട്ടിയെങ്കിലും അത് കൂട്ടാക്കാത്തവരായിരുന്നു അവർ. പാതി മനസ്സോടെയുള്ള അവരുടെ ജീവിത ശൈലിക്ക് യോസേഫ് ഒരു കുറ്റപ്പെടുത്തൽ ആയിരുന്നു. പ്രിയ ദൈവ ജനമേ, നമ്മുടെ മദ്ധ്യത്തിലും ഇത് കാണാം. ദൈവം വെളിച്ചം നൽകിയിട്ടും കൂട്ടാക്കാതിരുന്നിട്ട് ദൈവം ഉപയോഗിക്കുന്നവരെ കണ്ട് അസൂയപ്പെട്ടിട്ട് കാര്യമില്ല. ഇനിയെങ്കിലും പൂർണ്ണ മനസ്സോടെ കർത്താവിനെ പിൻഗമിക്കാൻ 'വേർപെട്ട' എന്നു പേരുള്ള നമുക്കിടയായിരുന്നെങ്കിൽ.

— എഡിറ്റർ








# നന്ദിയുള്ള ഹൃദയം

യാദൃശ്ചികമായി കിട്ടിയ അവധി ആഘോഷിക്കുവാനുള്ള ഒരുക്കത്തിലാണ് ജിം. അതിരാവിലെ എഴുന്നേറ്റ് മുറ്റത്തേക്ക് ഇറങ്ങിയപ്പോൾ അകത്തു നിന്ന് അമ്മ വിളിച്ചു പറഞ്ഞു "ജിം പുഴയിലറങ്ങി കളിക്കരുത്. നല്ല ഒഴുക്കാണ് ഇപ്പോൾ." അങ്കിൾ ഉണ്ടാക്കി തന്ന ചൂണ്ടയുമായ് പുഴയരികിലേക്ക് ഓടുന്നതിനിടയ്ക്ക് അമ്മയുടെ വാക്കുകൾ അവൻ ശ്രദ്ധിച്ചില്ല.

കുത്തിയൊഴുകുന്ന പുഴയിലേക്ക് ചൂണ്ടയെറിഞ്ഞ് കാത്തിരിക്കുകയാണ് ജിം. പെട്ടെന്ന് ചൂണ്ടയ്ക്ക് ചെറിയൊരനക്കം. ആഞ്ഞ് വലിക്കുന്നതിനിടയ്ക്ക് ചൂണ്ട എവിടെയോ ഉടക്കി. എത്ര ശ്രമിച്ചിട്ടും കൊളുത്ത് അതിൽ നിന്ന് വിട്ടു പോരുന്നില്ല. അവസാനം അവൻ പതുക്കെ പുഴയിലേക്കിറങ്ങി. കൈ നീട്ടി കൊളുത്ത് വിടുവിക്കുവാൻ ശ്രമിക്കുന്നതിനിടയ്ക്ക് പെട്ടെന്ന് പുഴയുടെ ഒഴുക്കിന് ശക്തി കൂടി. എവിടെയെങ്കിലും പിടിക്കാനാവും മുമ്പ് ജിം കുത്തൊഴുക്കിൽ പെട്ടിരുന്നു. കലങ്ങി മറിഞ്ഞ നദിയുടെ ആഴത്തിലേക്ക്... കൂരിരുട്ട്... കഴിഞ്ഞു എന്റെ ജീവിതം...." നിമിഷങ്ങൾ. പെട്ടെന്ന് ശക്തമായൊരു കൈ ജിമ്മിന്റെ മുടിയിൽ പിടുത്തമിട്ടു. നദിയിലൂടെ വലിച്ച് കരയിലെത്തിക്കുമ്പോൾ ജിംതന്നെ രക്ഷിച്ച ആളുടെ മുഖം കണ്ടു. "ടോമി അങ്കിൾ". "എന്തിനാ നീ പുഴയിലേക്കിറങ്ങിയത്... ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ'' അങ്കിൾ അൽപ്പം ഗൗരവത്തോടെ ചോദിച്ചു. ശ്വാസം നേരെവീണപ്പോൾ ജിം അങ്കിളിനോട് വിങ്ങി കരഞ്ഞു കൊണ്ട് പറഞ്ഞു. "നന്ദി അങ്കിൾ". ദയനീയമായ അവന്റെ മുഖം കണ്ടപ്പോൾ അങ്കിൾ അവനെ കെട്ടിപ്പിടിച്ചു കൊണ്ട് ചോദിച്ചു. "ജിം എന്തിനാണ് എന്നോട് നന്ദി പറഞ്ഞത്?" 'എന്റെ ജീവൻ രക്ഷിച്ചതു കൊണ്ട്'. ജിം ഉടൻ മറുപടി പറഞ്ഞു. "നിന്നെ രക്ഷപ്പെടുത്തിയതിന് നന്ദി പറഞ്ഞത് നല്ല കാര്യം തന്നെയാണ്." ജിമ്മിനെ അഭിനന്ദിച്ചു കൊണ്ട് അങ്കിൾ തുടർന്നു. "എന്നാൽ അതിലുപരിയായ് വളർന്നു വലുതാകുമ്പോൾ മോന്റെ ജീവിതം രക്ഷപ്പെടുത്തുവാൻ തക്കവണ്ണം വിലപ്പെട്ടതാണെന്ന് തെളിയിക്കണം. "അതെങ്ങനെ?" ജിം ചോദിച്ചു. "ദൈവ വചനം വായിച്ചും, അനുസരിച്ചും, മാതാപിതാക്കളെ ബഹുമാനിച്ചും.... അങ്ങനെ ഒത്തിരിക്കാര്യങ്ങൾ."

*പ്രിയ കൂട്ടുകാരേ,*

*യേശുകർത്താവ് നമ്മെ ഓരോരുത്തരെയും നരകശിക്ഷയിൽ നിന്നും രക്ഷിക്കുവാനാണ് ഭൂമിയിലേക്ക് വന്നത്. യേശുകർത്താവിൽ വിശ്വസിക്കുന്നവർക്ക് നരകത്തിൽ നിന്നും രക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ എത്തിചേരുവാൻ സാധിക്കും. എത്ര വലിയ ഭാഗ്യം! എന്നാൽ രക്ഷിക്കപ്പെട്ട ശേഷം നാം എങ്ങനെ ആയിരിക്കണം. നമ്മെ രക്ഷിച്ച കർത്താവിനോട് എപ്പോഴും നന്ദി പറയണം. അതായത് ആരാധിക്കണം. അതോടൊപ്പം തന്നെ വളരും തോറും കൂടുതൽ നല്ല കാര്യങ്ങൾ ചെയ്തും, യേശുകർത്താവിനെ കൂടുതൽ പേർക്ക് പരിചയപ്പെടുത്തിയും, യേശു കർത്താവ് ജീവിച്ച മാതൃകയനുസരിച്ച് ജീവിച്ചും - ആത്മീകമായി വളർന്ന് അതിലൂടെ നമ്മുടെ ജീവൻ രക്ഷിക്കുവാൻ തക്കവണ്ണം വിലപ്പെട്ടതാണെന്ന് തെളിയിക്കണം.*

**മനഃപാഠം - മത്തായി 10:30,31.**

എന്നാൽ നിങ്ങളുടെ തലയിലെ രോമവും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരികിലുകളെക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ.

**മത്തായി - 10:30,31.**

*ജാസുദാസ് ജോസഫ്,*
*തിരുവനന്തപുരം*


*കൊച്ചു കൂട്ടുകാർക്കായ്*
**ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രിയുടെ**
*പുതുവത്സര ഉപഹാരം*

**യേശുനാഥന്റെ കുഞ്ഞുവാവ**



5 ഡേ വി.ബി.എസ്സിലൂടെ കുട്ടികൾ പാടി ഹൃദയത്തിലേറ്റിയ ഗാനങ്ങൾ പുതിയ താളവാദ്യങ്ങളോടെ.

**Best of 5 Day VBS Songs**

**തെരഞ്ഞെടുക്കപ്പെട്ട 21 ഗാനങ്ങൾ**

*വീണ്ടും വീണ്ടും കേൾക്കാൻ !!*
*വീണ്ടും വീണ്ടും പാടാൻ !!!*

കൂടുതൽ വിവരങ്ങൾക്ക്
ഫോൺ : 9447341237
9895710910



വാർത്തകൾ അയക്കേണ്ട വിലാസം : Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, PIN - 695 011. Tel : 94473 41237 E-mail : thomasjohntvm@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും - Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ - Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**



**റിന്യൂവൽ ടീം:**
തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ),
ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല),
ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).
എഡിറ്റർ ഇൻ ചാർജ്ജ് - കെ. തോമസ് മാത്യു,
കൺസൽട്ടന്റ് എഡിറ്റർ - വർഗ്ഗീസ് ചാക്കോ,
ന്യൂസ് എഡിറ്റർ - തോമസ് ജോൺ,
ഫിനാൻസ് എക്സിക്യൂട്ടീവ് - ഷോംബെ പുത്തൂരാൻ
പബ്ലിഷർ & മാർക്കറ്റിംഗ് എക്സിക്യൂട്ടീവ് - ടെൻസൻ ജോസഫ്.

# വടക്കൻ ഛത്തീസ്ഗഡിൽ...

1-ാം പേജിൽ നിന്ന് തുടർച്ച

ലഭിക്കാൻ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. കഴിഞ്ഞ ഗവൺമെന്റ് 30 സെന്റ് സ്ഥലം അനുവദിച്ചെങ്കിലും ബി.ജെ.പി. സർക്കാർ അത് തടയുകയുണ്ടായി. ഇപ്പോൾ 10 ല



കാൽകഴുകി സ്വീകരിക്കുന്നു

ക്ഷത്തോളം വിലയുള്ള 5 സെന്റ് സ്ഥലം 2 ലക്ഷം രൂപയ്ക്കു നൽകാമെന്ന് റോമൻ കത്തോലിക്കനായ ഒരാൾ സമ്മതിച്ചിട്ടുണ്ട്. മാർച്ചിൽ തന്നെ സഭയുടെ പേരിൽ എഴുതാനായി വിശ്വാസികൾ ആഗ്രഹിക്കുന്നു. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന റായ്ഗഡ് ഉരുക്കു കമ്പനികളുടെയും തെർമൽ വൈദ്യുതി സ്റ്റേഷനുകളുടെയും പട്ടണമാണ്. ധാരാളം ജോലി സാദ്ധ്യതകളുണ്ട്. കൽക്കരി ധാരാളം ലഭ്യമാണ്. ജിൻഡാൽ സ്റ്റീൽ ഫാക്റ്ററിയുടെ 'മ്യൂസിക്കൽ ഫൗണ്ടൻ' അനവധി പേരെ ആകർഷിക്കുന്നു. നല്ല വിദ്യാഭ്യാസമുള്ള അനവധിപേർ വിശ്വാസികളുടെ കൂട്ടത്തിലുണ്ട്.

## കുൻകുറി

ജെഷ്പൂർ ജില്ലയിലുള്ള കുൻകുറിയിലേക്ക് റായ്ഗഡിൽ നിന്നും 180 കിലോമീറ്റർ റോഡ് മാർഗ്ഗം പോകണം. ക്രിസ്ത്യാനികളെ തിരികെ മതപരിവർത്തനം നടത്തുന്ന മുൻ കേന്ദ്രമന്ത്രിയും ബിജെ.പി. നേതാവുമായ ദിലീപ്സിംഗ് ജൂദേവിന്റെ ജില്ലയാണിത്. 100 കിലോമീറ്ററോളം വനത്തിൽ കൂടിയാണ് കുൻകുറിലേക്കുള്ള യാത്ര. വന്യ



ജരൺ ഗ്രാമത്തിലെ യോഗം



ഹർഡിയിലെ വിശ്വാസികൾ

മൃഗങ്ങളും ഉണ്ട്. ബൈക്കിലായിരുന്നു മുമ്പ് സഹോദരന്മാരുടെ യാത്ര. ഇപ്പോൾ ബിലിവേഴ്സ് സഭ (ബഹറിൻ - മജിലിസ്) നൽകിയ ജീപ്പ് അത്യധികം സഹായകരമാണ്. കൂടുതലും ഒറോൺ ആദിവാസി വിഭാഗമാണിവിടെ. റോമൻ കത്തോലിക്കർ ധാരാളമുണ്ട്. അനേക ക്രിസ്തീയ ഗ്രാമങ്ങളുണ്ട്. പക്ഷേ രക്ഷിക്കപ്പെടാത്തവർ. അങ്ങിനെയുള്ള ഗ്രാമങ്ങളിൽ സുവിശേഷവുമായി ചെന്നാൽ ജനം ആർത്തിയോടെ ഓടിക്കൂടും. കൊയ്ത്തുകാലത്ത് വയലിലേക്കു പോകുന്നതിനു മുമ്പ് അതിരാവിലെയാണ് പരസ്യയോഗം. റോബിൻസൺ ടീമിനോ ടൊപ്പം ഒരു ഗ്രാമം സന്ദർശിക്കാൻ ഈ ലേഖകനും ഇടയായി. മിനിറ്റുകൾക്കുള്ളിൽ പ്രസംഗം കേൾ ക്കാൻ അനവധി പേർ കൂടി. കൈ യ്യിലുണ്ടായിരുന്ന ബൈബിളുകളും പുസ്തകങ്ങളും എല്ലാം വില തന്ന് അവർ വാങ്ങി. മാർവാഡി ബിസിനസ്കാരാനായ അഗർവാളിന്റെ 'ഹാളിൽ' നടന്ന രണ്ടു ദിവസത്തെ സുവിശേഷയോഗങ്ങളിൽ 4 പേർ രക്ഷിക്കപ്പെട്ടു. കുൻകുറി യിൽ പ്രകാശ് കുജൂർ സുവിശേഷകനാണ്. ഭാര്യ ലിനി. ഒരു ലിസ്റ്റിലും ഇവരുടെ പേര് വന്നിട്ടില്ല.

ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ കത്തോലിക്കാ പള്ളി ഇവിടെയാണ്. 7000ത്തിലധികം പേർക്ക് അകത്ത് ഇരിക്കാൻ കൗര്യമുണ്ട്. ക്രിസ്തുമസ് സമയത്തും മറ്റും പുറത്തും ആളുകൾ നിൽക്കുന്നു. ആയിരക്കണക്കിനാണ് ആളുകൾ കൂടുന്നത്.



ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തെ കത്തോലിക്ക പള്ളി

## ജരൺ ഗ്രാമം

അതിഥികളെ കാൽകഴുകിയാണ് ഇവിടെയുള്ള ഗ്രാമക്കാർ സ്വീകരിക്കുന്നത്. നമ്മുടെ വിശ്വാസികളും അപ്രകാരമാണ് ഞങ്ങളെ സ്വീകരിച്ചത്. ഇവിടെ വാടകസ്ഥലത്താണ് കൂടിവരുന്നത്. ആർട്ടിസ്റ്റായ സഹോദരൻ 5 സെന്റ് സ്ഥലം സഭാഹാളിനായി സൗജന്യമായി നൽകിയിട്ടുണ്ട്. യുവ സഹോദരൻ കുംവർ സായി വേലക്കായി സമർപ്പിച്ചതിനെ തുടർന്ന് ഭവനത്തിൽ നിന്നും പുറത്തായി. ബംഗാളിൽ പഠനത്തിനായി പോകാൻ കുംവർ സായി തയ്യാറെടുക്കുകയാണ്. അതുകഴിഞ്ഞ് തന്റെ ഗ്രാമത്തിൽ പ്രവർത്തിക്കയാണ് ലക്ഷ്യം. സഹോദരൻ ബെഞ്ചമിൻ റോട്ട് ജരൺ വില്ലേജിനു തൊട്ടടുത്തുള്ള ലൈലൂംഗയിൽ താമസിച്ചു പ്രവർത്തിക്കുന്നത് ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് വളരെ സഹായകരമാകും.

സാരംഗഡിനു സമീപം പിൻഡ്രി, ഹർഡി എന്നീ ഗ്രാമങ്ങളിൽ കൂടി വരവുകൾ ഉണ്ടെങ്കിലും കർത്തൃമേശ സംയുക്തമായി ഹർഡിയിലാണ്. തയ്യൽക്കാരനായിരുന്ന യാദ്റാം ലഹരേയാണ് ഇവിടെ സുവിശേഷകൻ. ഭാര്യ ചാമ്പ, നാലു മക്കളുണ്ട്.



സുരേഷ് ഠണ്ഡൻ



കുംവർ സായ്

സുരേഷ് ഠണ് ഡൻ എന്ന സുവിശേഷകനും SBCയിൽ പഠനത്തിനു ശേഷം ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നു. തന്റെ ഗ്രാമമായ ജിൽദിയിലും കൂടിവരവിനു സാദ്ധ്യതയുണ്ട്. സുരേഷിന്റെ ഭാര്യ അനസൂയ, 5 മാസം പ്രായമായ ഒരു മകളുണ്ട്. സലോണിയിൽ പ്രവർത്തിക്കുന്നത് ഉത്ര അജയ് എന്ന സുവിശേഷകനാണ്. ചെരുപ്പ് വിറ്റാണ് താൻ പ്രവർത്തനരംഗത്ത് പിടിച്ചു നിൽക്കുന്നത്. വിവാഹിതനാണ്. ഒരു മകളുണ്ട്. സലോണിയിൽ ഫെബ്രുവരി 24ന് സഭാ കൂടിവരവ് ആരംഭിക്കും. മേൽപറഞ്ഞവരാരും തന്നെ ഒരു ഫണ്ടിന്റെയും ലിസ്റ്റിലില്ലാത്തവരാണ്.

ഹർഡിയിൽ ടീ ഷർട്ട് ഉണ്ടാക്കാനുള്ള ഒരു പ്രോജക്ടിനു രൂപം നൽകിയിട്ടുണ്ട്. ചിലർക്കു തൊഴിൽ നൽകാനും വരുമാനം സുവിശേഷ പ്രവർത്തനത്തിന് ഉപയോഗിക്കാനുമാണ്. വടക്കൻ ഛത്തീസ്ഗഡിനെ നേടാനുള്ള പോരാട്ടത്തിൽ നമുക്കും പങ്കു ചേരാം. ഛത്തീസ്ഗഡിൽ മതപരിവർത്തന നിരോധന നിയമം പാസ്സായതുകൊണ്ട് വളരെയേറെ പ്രതികൂലങ്ങൾ ഉണ്ടെങ്കിലും ധാരാളം വാതിലുകൾ തുറന്നു കിടക്കുന്നു. മിഷൻ ആശുപത്രികൾ, സ്കൂളുകൾ ഇവയ്ക്കെല്ലാം സാദ്ധ്യതയുണ്ട്. ഗ്രാമസുവിശേഷീകരണത്തിനും തുറക്കപ്പെട്ട വാതിൽ കാണാം. പ്രാർത്ഥിക്കുമോ?, സഹകരിക്കുമോ?, പോകുമോ?

കൂടുതൽ വിവരങ്ങൾക്ക് - Robinson Roat 'Canaan', 27/33 Kuha Kunda, Near Pahar Mandir, Raigarh 496001, Chhattisharh. Mobile : 09424191158. e-mail : robinvijji@yahoo.com.

# റ്റി.എം.എം. സംഗമം...

1-ാം പേജിൽ നിന്ന് തുടർച്ച

ലക്ഷ്യത്തിലെത്തിയത്. സുവിശേഷ പ്രവർത്തനം മാത്രമായിരുന്നില്ല താൻ ചെയ്തത്. തന്നാലാവുന്ന നന്മകൾ മറ്റുള്ളവർക്ക് നൽകി. അതിൽ പ്രധാനമായും രോഗികളെ സൗഖ്യപ്പെടുത്തുകയാണ് ചെയ്തത്. അവന്റെ വായിൽ നിന്ന് ആശ്വാസത്തിന്റെ വാക്കുകളാണ് വന്നിരുന്നത്. ഇത് രോഗികളുടെ ഇടയിൽ പ്രവർത്തിക്കുന്നവർക്ക് നല്ലൊരു മാതൃകയാണ്. ഇവിടെ പറയുന്ന പ്രസംഗത്തിൽ യേശുക്രിസ്തുവും അവൻ മൂലമുള്ള പാപവിടുതലുമായിരിക്കണം വിഷയം. അതല്ലാത്ത കാര്യങ്ങൾ ഇവിടെ പ്രസക്തമല്ല. ശാരീരിക ക്ലേശമനുഭവിക്കുന്നവർക്ക് ആശ്വാസവും സമാധാനവും നൽകാൻ സുവിശേഷകർക്ക് കഴിയണം."

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി പ്രത്യേകം ക്ഷണിക്കപ്പെട്ട സുവിശേഷകർ ഈ യോഗത്തിൽ സംബന്ധിച്ചു. തുടർന്നുള്ള നാളുകളിൽ ഇതുപോലുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ ഉണ്ടായിരിക്കുമെന്നും. ഈ കാര്യത്തിനായ് ക്ഷണിക്കപ്പെട്ട സുവിശേഷകർ നിർബന്ധമായും അതിൽ പങ്കെടുക്കണമെന്നും ചെയർമാൻ പറഞ്ഞു.



സംഗമത്തിന്റെ ദൃശ്യം

തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെ ചരിത്രത്തിൽ തന്നെ വേറിട്ട ഒരു സംഭവമായിരുന്നു ജനുവരി 26ന് നടന്ന സംഗമം. ഭരണസമിതിയംഗങ്ങളും ആശുപത്രി ജീവനക്കാരും തമ്മിലുള്ള ബന്ധത്തെ ഹൃദ്യമാക്കിയ ഈ കൂട്ടായ്മ തുടർന്നും ഈ ആതുരാലയത്തിന്റെ പുരോഗതിക്കായ് ഉതകട്ടെ എന്ന് ദൈവജനത്തിന് പ്രാർത്ഥിക്കാം.

*- റിന്യൂവൽ റിപ്പോർട്ടർ*

കുടുംബ വേദി

# പ്രതിജ്ഞ പുതുക്കൽ

ക്രിസ്തീയ വിവാഹങ്ങളും ഗവർമെന്റിൽ രജിസ്റ്റർ ചെയ്യണമെന്ന പത്ര വാർത്ത കണ്ട ഭാര്യ ഭർത്താവിനോട് "നമുക്കും പോയി രജിസ്റ്റർ ചെയ്യാം." ഭർത്താവ് "അതിന് നമ്മുടെ വിവാഹം കഴിഞ്ഞിട്ട് 30 വർഷത്തോളമായില്ലേ". "അതിനെന്താ ഒന്നുകൂടി നമുക്ക് പ്രതിജ്ഞയെടുക്കാമല്ലോ" എന്ന് ഭാര്യ. എന്നാൽ ഒരു പാർട്ടി കൂടി നടത്തിക്കളയാമെന്ന് ഭർത്താവും.

ശരിക്കും പറഞ്ഞാൽ പ്രതിജ്ഞ പുതുക്കൽ വിവാഹ വാർഷികത്തിനോ വല്ലപ്പോഴുമോ അല്ല വേണ്ടത്. നമ്മുടെ ജീവിതത്തിന്റെ ഏറ്റവും ചെറിയ യൂണിറ്റ് ഒരു ദിവസമാണല്ലോ. കർത്താവ് നമ്മെ പഠിപ്പിച്ചത് അന്നന്നു വേണ്ട ആഹാരത്തിനായി പ്രാർത്ഥിക്കാനാണ്. അങ്ങനെയെങ്കിൽ നമ്മുടെ എല്ലാ സമർപ്പണവും - വിവാഹം ഉൾപ്പെടെ - പുതുക്കേണ്ടത് ദിനംതോറുമാണ്. അതേ വാചകം യാന്ത്രികമായി ചൊല്ലിയില്ലെങ്കിലും എല്ലാ ദിവസവും "സുഖത്തിലും ദുഃഖത്തിലും, ആരോഗ്യത്തിലും രോഗത്തിലും, ദാരിദ്ര്യത്തിലും സമ്പത്തിലും, നിന്നെ മാത്രം സ്നേഹിച്ചും, ശുശ്രൂഷിച്ചും, ബഹുമാനിച്ചും, പോറ്റിപുലർത്തിയും ജീവിച്ചു കൊള്ളാമെന്ന്...." ഭർത്താവ് ഭാര്യയോടും, "സുഖത്തിലും ദുഃഖത്തിലും, ആരോഗ്യത്തിലും രോഗത്തിലും, ദാരിദ്ര്യത്തിലും സമ്പത്തിലും, അങ്ങയെ മാത്രം അനുസരിച്ചും, കീഴ്പ്പെട്ടും ശുശ്രൂഷിച്ചും, ബഹുമാനിച്ചും ജീവിച്ചു കൊള്ളാമെന്ന്...." ഭാര്യ ഭർത്താവിനോടും പ്രതിജ്ഞ പുതുക്കിയാൽ - കൈ കൊടുത്തു കൊണ്ട് - അവരുടെ കുടുംബ ജീവിതം വ്യത്യസ്തമായ ഒരനുഭവത്തിലേക്കുയരും എന്നതിന് സംശയമില്ല. അങ്ങനെയെങ്കിൽ മറ്റൊന്നും, മറ്റാരും ഭാര്യ ഭർത്തൃബന്ധത്തിനിടയിൽ വരികയുമില്ല. എന്താ പരീക്ഷിച്ചു കൂടേ!

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും

## WANTED BRIDE GROOM

**RM No : 742 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 27 വയസ്സ് 5'2" ഉയരം. B.Sc., GNM (നേഴ്സ്) ലണ്ടനിൽ ജോലി.

**RM No : 743 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'3" ഉയരം. B.Pharm. ജോലിയുണ്ട്.

**RM No : 744 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'4" ഉയരം. B.Sc. Nurse.

**RM No : 745 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'4' ഉയരം. GNM Nurse. ഗൾഫിൽ ജോലി.

**RM No : 746 -** Born again baptized Brethren girl from another background. Age 32/5'6" MCA., M.Fil, M.Sc. Presently working as head of the Dept. of Computer Science in a College in Tamil Nadu.

## WANTED BRIDE

**RM No : 747 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'9" ഉയരം. SSLC, JCB Operator.

**RM No : 748 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'7" ഉയരം.

**RM No : 749 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'1" ഉയരം. MBA മഹാരാഷ്ട്രയിൽ സ്വന്തമായി ബിസിനസ്സ്.

**RM No : 750 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 29 വയസ്സ് 5'8" ഉയരം. B.Sc. (Failed) 2 year APTECH Computer Course. ഗൾഫിൽ ജോലി.

**RM No : 751 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 30 വയസ്സ് 5'8" ഉയരം. M.Com. ഗൾഫിൽ ജോലി.

**RM No : 752 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 28 വയസ്സ് 5'8" ഉയരം. PDC ഗൾഫിൽ ജോലി.

**RM No : 753 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 29 വയസ്സ് 5'6" ഉയരം. B.A., ETDC Graphic Design, Business.

**RM No : 754 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ്. 30 വയസ്സ് 5'5" ഉയരം. S.S.L.C., ഓഫ് സെറ്റ് പ്രിന്റർ. ഗൾഫിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.




മുൻകൂട്ടി ഓർഡർ ചെയ്യുക ഉടനെ ബന്ധപ്പെടുക

5 Day
വി.ബി.എസ്സ്

പ്രാദേശിക ബ്രദ്റൻ സഭകളുടെ ചരിത്രത്തിലാദ്യം 1994ൽ വി.ബി.എസ്സ് സിലബസ് പ്രസിദ്ധീകരിച്ച ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി തയ്യാറാക്കുന്നത്.

**എന്റെ ദൈവത്താൽ സാദ്ധ്യം, ദൈവത്തിന്റെ പൈതൽ, പൗലോസും കൂട്ടുകാരും തുടങ്ങിയ പ്രോഗ്രാമുകൾക്ക് 50% ഡിസ്കൗണ്ട്. പുതിയ സുവിശേഷ മേഖലയിലേക്ക് സൗജന്യം.**

വിവിധ സ്ഥലങ്ങളിൽ ട്രെയ്നിംഗ് മാർച്ച് മാസത്തിൽ



സഭകളായും വ്യക്തികളായും വി.ബി.എസ്. സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിലാസം

**CEM, P.O Box 46, Tiruvalla - 1.**
**Tel : 0469 - 2601532, 2701165.**
**Mob : 9495353440, 9447041114, 9447414222, 9895710910**

## ഹൃദയത്തിന് ബൈപാസ് സർജറി



ഏനാത്ത് സീയോൻ ബ്രദ്റൻ സഭയിലെ സഹോദരി ശാരോയുടെ മകൻ ക്രിസ്റ്റി രാജ് 9–ാം ക്ലാസിൽ പഠിക്കുന്നു. ഹൃദയത്തിന്റെ ഒരു വാൽവിനു തകരാറു കണ്ടെത്തിയതിനെ തുടർന്ന് ശസ്ത്രക്രിയ ആവശ്യമായിരിക്കുന്നു. ശ്രീചിത്തിര ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതിനായി ഒരു ലക്ഷം രൂപ ചെലവു വരും. മാതാവ് കശുവണ്ടി ഫാക്റ്ററി തൊഴിലാളിയാണ്. ഭർത്താവ് ഉപേക്ഷിച്ചു പോയി. ദൈവമക്കളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ഏനാത്ത് കോ–ഓപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ട് നമ്പർ 5675.

വിലാസം – Evg. D. Yohannan, Ottathengil House, Thazhathuvadakku P.O., (Via) Enathu - 691526. സഭയ്ക്കു വേണ്ടി – ജി. യോഹന്നാൻ, പി. എം. ജോസഫ്, വൈ. ശമുവേൽ.

## റ്റി.എം.എം. നേഴ്സിംഗ് കോളേജ്

2008–2012 ബി.എസ്.സി. നേഴ്സിങ്ങ് അഡ്മിഷന് എൻ.ആർ.ഐ. ക്വോട്ടയിലുള്ള 7 സീറ്റിന് വേണ്ടിയുള്ള ബുക്കിങ്ങ് ആരംഭിച്ചിരിക്കുന്നു. +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷയിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഗ്രൂപ്പ് എടുത്ത് പഠിച്ചവരും യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിച്ചവരുമായ കുട്ടികൾക്കാണ് അർഹതയുള്ളത്.

കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസിലോ (ഫോൺ – 0469 – 2618646) സെക്രട്ടറിയേയോ ബന്ധപ്പെടേണ്ടതാണ്. ജോൺ വി. എബ്രഹാം, സെക്രട്ടറി – 9447106493.

## ആവശ്യമുണ്ട്

ഇന്ത്യയിൽ ഒന്നാം സ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നതും അത്യന്താധുനീക സൗകര്യങ്ങൾ, 3500ൽ പരം ട്രെയിനീസും 2000 ജീവനക്കാരും, മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, സെൻട്രൽ സ്കൂൾ എന്നിവയുള്ള പെരിങ്ങോം സി. ആർ.പി.എഫ്. റിക്രൂട്ടിംഗ് ക്ഷ ട്രെയിനിംഗ് സെന്ററിനെ കേന്ദ്രീകരിച്ച് കുടുംബമായി താമസിച്ച് സുവിശേഷ പ്രവർത്തനം നടത്തുന്നതിന് ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ നന്നായി കൈകാര്യം ചെയ്യാൻ കഴിവും ദൈവവിളിയും ആത്മഭാരവുമുള്ള സുവിശേഷകനെ ആവശ്യമുണ്ട്. ഉടൻ ബന്ധപ്പെടുക – ജോർജ്ജ് പി.സി., സി.ആർ.പി. എഫ്. ക്യാമ്പസ്, പെരിങ്ങോം, കണ്ണൂർ. മൊബൈൽ–9969116122.

## നർക്കിലക്കാട്

സഭാഹാളിന്റെ പുതുക്കിപ്പണിക്ക് ആവശ്യമായ മൂന്നര ലക്ഷം രൂപയിൽ 1 ലക്ഷത്തോളം ലഭിച്ചു. P.K. Thankappan, Joint A/c No. 9741, Federal Bank, Beemanady എന്ന പേരിൽ ഇക്കാര്യത്തിൽ സഹകരിക്കാവുന്നതാണ്. വിലാസം – K.S. Skaria, Kalavarayil Home, Kottamala P.O., Nileswer (Via), Kasargode - 671314.

## മംഗലത്തുകോണം ചിൽഡ്രൻസ് ക്ലബ്ബ്

മംഗലത്തുകോണം ബ്രദ്റൻ സഭയുടെ സഹകരണത്തിൽ എൽ. കനകരാജിന്റെ ഭവനത്തിൽ വച്ച് ബേത്ലേഹം ചിൽഡ്രൻസ് ക്ലബ്ബിന്റെ 1–ാം വാർഷികം 2008 ഫെബ്രുവരി 24–ാം തീയതി നടക്കുന്നു. 45–ഓളം കുട്ടികൾ ഈ ചിൽഡ്രൻസ്സ് ക്ലബ്ബിൽ തുടർച്ചയായ് പങ്കെടുക്കുന്നുണ്ട്. സഭയ്ക്കുവേണ്ടി – അനിൽകുമാർ സി., എൽ. കനകരാജ്

# നമുക്കു ചുറ്റും

## വൈ.എം.ഇ.എഫ്. മലപ്പുറം

മലപ്പുറം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നവംബർ 26 മുതൽ 28 വരെ വള്ളിക്കാട് വെച്ച് ഒരു ബൈബിൾ ക്യാമ്പ് നടന്നു. സഭാരൂപികരണം ലക്ഷ്യമാക്കി പോത്തുകല്ല് എന്ന സ്ഥലം കേന്ദ്രീകരിച്ച് പുതിയ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മലപ്പുറം യൂണിറ്റിനു വേണ്ടി – സെക്രട്ടറി പി.എ. സേവ്യർ.

## രത്നഗിരി – മഹാരാഷ്ട്ര

കഴിഞ്ഞ അഞ്ച് വർഷമായി ഇവിടെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. പ്രവർത്തനഫലമായി ചില മറാഠി കുടുംബങ്ങൾ വിശ്വാസത്തിലേക്ക് വരികയും നാല് വർഷം മുമ്പ് ഒരു കൂടിവരവ് ഉണ്ടാകുവാനും ഇടയായി. കഴിഞ്ഞ നവംബർ 24–ാം തീയതി ആറ് പേർകൂടി സ്നാനപ്പെട്ട് സഭയോട് ചേർന്നു. കർതൃദാസന്മാരായ സി.കെ. ബോർഡേ (പൂന) സ്നാന ശുശ്രൂഷയും, ബാബു വർഗ്ഗീസ് (മുംബൈ) വചന ശുശ്രൂഷയും നിർവ്വഹിച്ചു. സുവിശേഷകൻ വിൽസന്റെ ഭവനത്തിൽ നടക്കുന്ന ഈ കൂടിവരവിൽ ഇരുപത്തി ആറ് പേർ സംബന്ധിക്കുന്നു. സഭാഹാളും സിമിത്തേരിയും ആവശ്യമായിരിക്കുന്നു. പ്രാർത്ഥനയിൽ ഓർക്കുക. സഭയ്ക്കു വേണ്ടി സുവി. വിൽസൻ കെ.ജി., ജോസഫ് ടെൻടൽ.

## സുവിശേഷ പ്രവർത്തനം

മൂന്നാറിലെ ടീ എസ്റ്റേറ്റുകളെ കേന്ദ്രീകരിച്ച് ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന സുവിശേഷ പ്രവർത്തനം മാർച്ച് 31 മുതൽ ഏപ്രിൽ 4 വരെ നടത്തുന്നു. കേരളത്തിൽനിന്നും തമിഴ്നാട്ടിൽനിന്നുമുള്ള സുവിശേഷകർ പങ്കെടുക്കും – സുവി. പി. കാലേബ്

## സ്തോത്രത്തിനായി

റാന്നി : സഹോ. ബാബുവിന്റെ മകൾ ഹന്നയുടെ സൗഖ്യത്തിനു വേണ്ടി ദൈവജനം നിരന്തരമായി പ്രാർത്ഥിച്ചതിന്റെ ഫലമായി ഈ പിഞ്ചു പൈതലിന് അത്ഭുതകരമായ രോഗസൗഖ്യം ലഭിച്ചിരിക്കുന്നു (ഹന്നയുടെ രോഗ വിവരം പ്രാർത്ഥനയ്ക്കായി റിന്യൂവൽ പ്രയർ കലണ്ടറിൽ ചേർത്തിരുന്നു). ജനുവരിയിൽ വെല്ലൂർ സി. എം.സിയിൽ നടന്ന പരിശോധന റിപ്പോർട്ടുകൾ വളരെ ആശാവഹമാണ്. തുടർന്നും ഈ കുഞ്ഞിനെ ഓർത്ത് പ്രാർത്ഥിക്കുക.

## നിത്യതയിൽ



തിരുവല്ല കിഴക്കൻ മുത്തൂർ കൊച്ചിയിൽ പണിക്കമ്മാട്ട് പി.വി.എബ്രഹാം (ബാബുകുട്ടി–61) ജനുവരി 28ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 30ന് കിഴക്കൻമുത്തൂർ എബനേസർ സഭാ സിമിത്തേരിയിൽ ഭൗതീക ശരീരം സംസ്കരിച്ചു.

## North India Bible Institute, Alwar

Offers two years Diploma programme and three years B.Th. Degree to young men who have a definite call for ministry. Provides free boarding and lodging to selected candidates.

Next session commences from July - 2008

Qualification for Diploma - Metric or Equalent

Qualification for B.Th. - 10+2 or Diploma

Filled Application should be reached latest by 15th March 2008.

Contact for Application & Prospectus -
Director - N.I.B.I, 148, Lajpat Nagar, Alwar - 301 001,
Phone : 0144-2336249, E-mail : nibi_awr@msn.com.

### Brethren Bible Institute, Pathanamthitta

## ADMISSION NOTICE

Application are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 3rd May 2008.

**1. B.Th. Programme**

BBI offers a three year Bachelor of Theology programme in English medium. In exceptional cases Plus Two failed candidates also will be considered for this courses.

**2. P.G. Programmes**

BBI offers a two year residential Master of Divinity (M.Div.) programme and a four year residential Master of Theology (M.Th.)

Prospectus and application forms can be had from the Registrar, Brethren Bible Institute, P.O. Box 46, Pathanamthitta, Kerala, India - 689 645 by paying rupees 50 by means of M.O. Prospectus and Application forms can be down loaded from our web site www.bbipta.com. The last date for submitting the application is April 5, 2008.

- M.T. George, Secretary.

## പ്രയർ കലണ്ടർ മാർച്ച് 2008

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 46, തിരുവല്ല 689 101.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **30** സുവിശേഷ വിഹിത സഭകൾക്കും വിശ്വാസികൾക്കും വേണ്ടി. കർത്താവിന്റെ വേലയിൽ മുന്നേറുവാൻ. മറ്റ് ക്രിസ്തീയ സഭകൾക്കുവേണ്ടി. നേതൃത്വത്തിലിരിക്കുന്നവരെ ഓർത്ത്. അവർ ചെയ്യുന്ന സാമൂഹ്യ പ്രവർത്തനങ്ങളെ ഓർത്ത്. അതിലൂടെ അനേകർ യേശുവിന്റെ സ്നേഹം കണ്ടെത്തുവാൻ. | **2** സ്ഥലം സഭകൾക്കു വേണ്ടി. ഞായറാഴ്ച ആരാധന യോഗങ്ങൾ സജീവമാകാൻ. കൂടുതൽ പേർ ദൈവത്തെ സ്തുതിക്കാൻ. വചന ശുശ്രൂഷ ചെയ്യുന്ന സഹോദരനു വേണ്ടി. നിങ്ങളുടെ പങ്ക് നിർവഹിക്കുക. സഭാംഗങ്ങളെ സന്ദർശിക്കുക. | **9** സ്ഥലം സഭയിലെ പ്രവർത്തനങ്ങൾക്കായി. യൂത്ത് മീറ്റിങ്ങ്, സഹോദരിമാരുടെ മീറ്റിങ്ങ്, സൺഡേ സ്കൂൾ, ബൈബിൾ ക്ലാസുകൾ, പ്രാർത്ഥനാ യോഗങ്ങൾ എന്നിവയ്ക്കായി. സഭയിലുള്ളവരുടെ മുഴുവൻ പങ്കാളിത്തവും ഈ മീറ്റിങ്ങുകളിൽ ഉണ്ടാകുവാൻ. പുതിയ ആത്മാക്കൾ രക്ഷിക്കപ്പെട്ട് സഭയോട് ചേരുവാൻ. | **16** സഭയിൽ നിന്ന് സുവിശേഷ വേലയ്ക്കായ് പോയിരിക്കുന്നവർക്കു വേണ്ടി. ആരും ഇല്ലെങ്കിൽ ഒരാൾ എങ്കിലും എഴുന്നേൽക്കുവാൻ. അവരുടെ കുടുംബാംഗങ്ങൾക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ സംരക്ഷണം ലഭിക്കാൻ ഭൗമീകമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ. നമ്മുടെ പങ്കും നിർവ്വഹിക്കാം. | **23** സഭയിലെ ഓരോ വിശ്വാസികൾക്കു വേണ്ടിയും, സഭയിൽ ഐക്യത നിലനിൽക്കാൻ. മൂപ്പന്മാരുടെ ആരോഗ്യത്തിനും ആത്മീയ കാഴ്ചപ്പാടിനും വേണ്ടി. ആത്മീയ ഉണർവ്വിനായി. പിൻമാറ്റത്തിലുള്ളവരുണ്ടെങ്കിൽ അവരുടെ തിരിച്ചുവരവിനായ്. സഭയിലെ മുടങ്ങിക്കിടക്കുന്ന യോഗങ്ങൾ പുനഃരാരംഭിക്കുവാൻ. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **31** കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് ഭരണാധികാരികൾക്കു വേണ്ടി, പ്രസിഡന്റ്, മെമ്പർ എന്നിവരുടെ പേരുകൾ പറഞ്ഞ്. തങ്ങളുടെ ജോലി നീതിയോടെ നിർവ്വഹിക്കുവാൻ. ജില്ലാ ആരോഗ്യ കേന്ദ്രങ്ങൾക്കും, ഉദ്യോഗസ്ഥർക്കു വേണ്ടിയും. ഗവ. ഓഫീസുകളിൽ കൈക്കൂലി ഇല്ലാതാകാൻ (കൈക്കൂലി കൊടുക്കരുത്, വാങ്ങരുത്). | **3** നമ്മുടെ രാജ്യത്തിനു വേണ്ടി. 2009 മേയിൽ പൊതു തെരഞ്ഞെടുപ്പ് വരുന്നു. അതിനായ് ഒരുക്കങ്ങൾ തുടങ്ങിയിരിക്കുന്ന ഇലക്ഷൻ കമ്മീഷനും മറ്റ് അധികാരികൾക്കും വേണ്ടി. ഈ വർഷം കർണ്ണാടക അടക്കമുള്ള ചില സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്നു. | **10** നമ്മുടെ രാജ്യത്ത് സമാധാനം നിലനിൽക്കുവാൻ. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വകുപ്പ് മന്ത്രിമാർ എന്നിവരെ ഓർത്ത് പ്രത്യേകം. പ്രതിപക്ഷ നേതാക്കൾക്കു വേണ്ടി. സുപ്രീം കോടതി ജഡ്ജിമാർക്കു വേണ്ടി. ഘടക കക്ഷി നേതാക്കൾക്കു വേണ്ടിയും. ബജറ്റ് സമ്മേളനത്തിനു വേണ്ടി. | **17** സംസ്ഥാനം ഭരിക്കുന്ന മുഖ്യമന്ത്രിമാരെ ഓർത്ത്. നരേന്ദ്രമോഡി (ഗുജറാത്ത്), മായാവതി (ഉത്തർപ്രദേശ്), നിതീഷ് കുമാർ (ബീഹാർ) എന്നിവരെ പ്രത്യേകം ഓർക്കുക. ഇന്ത്യയുടെ ഭൂപടം നോക്കി ഓരോ സംസ്ഥാനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുക. കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളെ ഓർത്ത്. | **24** കേരളത്തിലെ ഭരണകർത്താക്കൾക്കായി. മുഖ്യമന്ത്രി, മറ്റ് വകുപ്പ് മന്ത്രിമാർ. ഘടക കക്ഷി നേതാക്കൾ, പ്രതിപക്ഷ പാർട്ടി നേതാക്കൾ. ഭരണകക്ഷിയിലെ മറ്റ് നേതാക്കൾ എന്നിവർക്കായി ദൈവഭയത്തോടെ ഭരിക്കുവാൻ. സംസ്ഥാനത്ത് സമാധാനം നിലനിൽക്കുവാൻ. ഐ. എ. എസ്സ്., ഐ. പി. എസ് ഉദ്യോഗസ്ഥർക്കായി. |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിറ്റ് സ്തുതി:<br>5 മിനിറ്റ് നന്ദി (സ്ത്രോതം):<br>5 മിനിറ്റ് ഏററുപറച്ചിൽ:<br>20 മിനിറ്റ് വചനധ്യാനം:<br>20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിറ്റ് അപേക്ഷ:<br>പരീക്ഷ എഴുതുന്ന കുട്ടികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക | **4** ഭാരതത്തിലെ ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ മുഖാന്തരം അനേകർ രക്ഷിക്കപ്പെടുവാൻ (റിന്യൂവലിന്റെ മുൻ ലക്കങ്ങളിലെ റിപ്പോർട്ടുകൾ ശേഖരിക്കുക). കേരളത്തിലെ പാലക്കാട്, വയനാട്, മലപ്പുറം, ഇടുക്കി, കാസർകോട്, കണ്ണൂർ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾക്കായ്. | **11** നിങ്ങൾ ഒരു പ്രാവശ്യമെങ്കിലും സുവിശേഷം പറഞ്ഞവരുടെ ലിസ്റ്റ് തയ്യാറാക്കി പ്രാർത്ഥിക്കുക. (വീണ്ടും അനുധാവനം ചെയ്യുവാൻ തയ്യാറെടുക്കുക). നിങ്ങളുടെ സുഹൃത്തുക്കളെ ഓർത്ത്. അവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടി. സുവിശേഷം പങ്ക് വെക്കുവാൻ അവസരം ഉണ്ടാക്കുവാൻ പ്രാർത്ഥിക്കുക. ഉദാ. കുടുംബയോഗങ്ങൾ | **18** നിങ്ങൾ സുവിശേഷം പറഞ്ഞവരെ ഓർത്ത്. യേശുവിനെ രക്ഷിതാവായ് സ്വീകരിക്കുന്നതിൽ എന്തെങ്കിലും തടസം അവർ നേരിടുന്നുണ്ടെങ്കിൽ അത് നീങ്ങിപോകുവാൻ. (വീണ്ടും അനുധാവനം ചെയ്യുക). ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുവാൻ മനസ്സുള്ളവരുമായി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുക. | **25** നിങ്ങളുടെ അയൽക്കാരോട് സുവിശേഷം പറയുവാൻ എന്തെങ്കിലും തടസമുണ്ടെങ്കിൽ അത് നീങ്ങിപോകുവാൻ. നിങ്ങളുടെ ഭവനത്തിൽ നടക്കുന്ന യോഗങ്ങളിൽ അവരെ പ്രാർത്ഥനയോടെ ക്ഷണിക്കുക. കുഞ്ഞുങ്ങളോട് സുവിശേഷം അറിയിക്കുവാൻ ചിൽഡ്രൻസ് ക്ലബ്ബ് പോലുള്ള പ്രോഗ്രാമുകൾ നടക്കുവാൻ. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | | **5** നിങ്ങൾക്കറിയാവുന്ന രോഗികളുടെ ലിസ്റ്റ് തയ്യാറാക്കി വെക്കുക. പ്രാർത്ഥിച്ചവരുടെ രോഗവിവരങ്ങൾ തിരക്കി തുടർന്നും പ്രാർത്ഥന ആവശ്യമെങ്കിൽ തുടരുക. ജോർജ്ജ് ചാക്കോ (യു. എസ്. എ.) ബ്രെയിൻ ട്യൂമർ ഓപ്പറേഷനെ തു ടർന്ന് വിശ്രമിക്കുന്നു. യോഹന്നാൻ ജോൺസൻ (അൽക്കോ ബാർ) എസ്. ജോൺസൻ (രാജസ്ഥാൻ) ഹൃദയാഘാതത്തെ തുടർന്ന് ചികിത്സയിൽ. | **12** വാർദ്ധക്യത്തിന്റെ പ്രയാസമനുഭവിക്കുന്നവർക്കു വേണ്ടി. അയൽപക്കത്ത് ആരെങ്കിലും ഉണ്ടെങ്കിൽ അവരെ ഓർത്ത്. പി. കെ. മാത്യൂസ് (തിരുവല്ല), വി. പി. ജേക്കബ് (തിരുവനന്തപുരം), വി. റ്റി. ജോൺ (പഞ്ചാബ്), നാരായൺ പോൾ (ആന്ധ്ര). തിരുവനന്തപുരത്തെ ആർദ്രം പ്രോജക്ടിനായി – രോഗികൾക്കുള്ള താമസസൗകര്യം. | **19** രോഗികളായ ചിലരുടെ പേരുകൾ : കസാക്കിസ്ഥാനിലെ സുവിശേഷകന്റെ ഭാര്യ ഗുൽനാര റ്റിപ്പു രാജ. വെല്ലൂർ സി. എം. സിയിൽ ചികിത്സയിൽ. നിധി ഗ്രേസ്, ബീനാ ജോർജ് (ചെന്നൈ). ഡാനിയേൽ വർഗ്ഗീസ് (തിരുവനന്തപുരം), ജോൺസൻ (സൗദി), ജോർജ്ജ് മർസിലിൻ (കുണ്ടറ), ലിയോ പോൾ വില്ല്യംസ് (തൊടുപുഴ), ബെറ്റ്സി ജേക്കബ് (യു. എസ്. എ). ക്രിസ്റ്റി രാജ് (ക്ലാസ്സ് 9) ഹൃദയതകരാറ്. | **26** രോഗികളായ ചിലരുടെ പേരുകൾ, ഫരീദാബാദ് സുവിശേഷകന്റെ ഭാര്യ മോളി പൗലോസ്, ഇ. സി. ചെറിയാൻ (പുത്തൻകാവ്), റിബേക്കാ സജി (കുണ്ടറ), നിക്കു (6 വയസ്സ്), കിഡ്നി സംബന്ധമായ രോഗം, ജോബ് ചെറിയാൻ (സൗദി), ശക്തമായ ശ്വാസതടസം, രോഗം കണ്ടെത്താനായിട്ടില്ല. ഗ്രേസ് ജോൺസൻ (എറണാകുളം), കെ. വി. പൗലോസ് (കോതമംഗലം), ജിജി (കുവൈറ്റ്). |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ |  രമൺ സിംഗ് ഛത്തീസ്ഗഡ് മുഖ്യമന്ത്രി  നവീൻ പട്നായ്ക് ഒറീസ മുഖ്യമന്ത്രി | **6** ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും നടക്കുന്ന പ്രവർത്തനങ്ങളെ ഓർത്ത്. വിവിധ സ്ഥലങ്ങളിലുള്ള സുവിശേഷകന്മാരെയും കുടുംബാംഗങ്ങളെയും ഓർത്ത്. (സുവിശേഷകരുടെ വിവരങ്ങളടങ്ങിയ പ്രയർഹാൻഡ് ബുക്ക് നോക്കുക). സഭാകൂടി വരവുകൾ കൂടുതലായ് ഉണ്ടാകുവാൻ. തടസങ്ങൾ മാറുവാൻ. | **13** വടക്കെ ഇന്ത്യയുടെ പല സ്ഥലങ്ങളിലും സുവിശേഷകന്മാർ ഒന്നിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾക്കു വേണ്ടി. ഒറീസയിലെ പ്രവർത്തനങ്ങളെ ഓർത്ത് പ്രത്യേകം. ഈ വർഷം ആദ്യം ക്രിസ്ത്യാനികൾക്കു നേരെയുണ്ടായ ആക്രമണത്തെ തുടർന്ന് ചില സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തടസപ്പെട്ടിരിക്കുന്നു. | **20** വൈ. എം. ഇ. എഫ്. നോർത്ത് – സൗത്ത് ഡിവിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി. (നോർത്ത് ഡിവിഷൻ പഞ്ചാബിലും, സൗത്ത് ഡിവിഷൻ കർണാടകയിലും). കേരളത്തിലെ വൈ. എം. ഇ. എഫിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടിയും. ടീമിൽ പ്രവർത്തിക്കുന്നവർക്കായും അവരുടെ കുടുംബാംഗങ്ങൾക്കായും. | **27** മാസികപ്രവർത്തനങ്ങൾ ദൈവഭക്തിയോടെ നടക്കുവാൻ. ദൈവ മഹത്വത്തിനുള്ളത് പ്രസിദ്ധീകരിക്കുവാൻ പത്രാധിപന്മാർക്കായി. റ്റി. ഇ. ഈശോ (സുവിശേഷകൻ), വി. എസ്. മാത്യു (സുവിശേഷധ്വനി), ആർ. കൃഷ്ണൻകുട്ടി (ധർമ്മദീപ്തി), ഡോ. ഒ. എം. സാമുവൽ (ആത്മപ്രകാശിനി), സി. വി. വടവന (ജീവവചനം), കെ. സി. മാത്യു (ഉന്നതധ്വനി), റിന്യൂവൽ ടീമിനായും. |
| **വെള്ളി** ലോക രാജ്യങ്ങൾ |  അജിത്ത് ജോഗി ഛത്തീസ്ഗഡ് പ്രതിപക്ഷ നേതാവ് | **7** അമേരിക്കൻ ഐക്യനാടുകൾക്കു വേണ്ടി. പ്രസിഡന്റ് സ്ഥാനാർത്ഥികൾക്കു വേണ്ടിയുള്ള പ്രൈമറി തെരഞ്ഞെടുപ്പ് നടക്കുന്നു. അടുത്തവർഷം നടക്കുന്ന പൊതു തെരഞ്ഞെടുപ്പിനു വേണ്ടി. യു. എസ്. ആഭ്യന്തര വകുപ്പിന്റെ കീഴിൽ ശാന്ത സമുദ്രത്തിൽ കിടക്കുന്ന സമോവ, ബഹാമസ്, കരീബിയൻ ദ്വീപ് സമൂഹങ്ങൾ എന്നിവയ്ക്കു വേണ്ടിയും. | **14** ആഫ്രിക്കൻ രാജ്യങ്ങൾക്കു വേണ്ടി. കെനിയയിൽ കഴിഞ്ഞ വർഷം അവസാനം ഉണ്ടായ പ്രശ്നങ്ങളാൽ വളരെ കഷ്ടത അവിടത്തുകാർ അനുഭവിക്കുന്നു. നിയാഗുക്കോ, കവെൻഗുരിയ, വെമ്പുയെ എന്നീ സ്ഥലങ്ങളിലെ വിശ്വാസികളെ ഓർത്ത്. 90% മുസ്ലീങ്ങളുള്ള സെനഗൽ എന്ന രാജ്യത്തിനെ ഓർത്ത്. | **21** ആഫ്രിക്കൻ രാജ്യങ്ങളായ ബെനിൻ, നൈജീരിയ, ബുറുണ്ടി, ടാൻസാനിയ, ഘാന, സിയാറ ലിയോൺ, ടോഗോ. ഈ രാജ്യങ്ങൾ വളരെ ദാരിദ്ര്യത്തിലൂടെ കടന്നു പോകുന്നു. പോഷക ആഹാര കുറവു കൊണ്ട് അനേക കുഞ്ഞുങ്ങൾ വർഷം തോറും മരണമടയുന്നു. എയ്ഡ്സ് രോഗത്തിന്റെ പിടിയിലാണ് ഈ രാജ്യങ്ങൾ. | **28** യൂറോപ്യൻ രാജ്യങ്ങൾക്കു വേണ്ടി. ഇംഗ്ലണ്ട്, സ്വിറ്റ്സർലണ്ട് സ്ലോവാക്യ. അറബ് രാജ്യങ്ങൾക്കു വേണ്ടി. സൗദി അറേബ്യ, യു. എ. ഇ., കുവൈറ്റ്, ഒമാൻ, ബഹ്റയിൻ, ഖത്തർ. ഇന്ത്യയോട് ചേർന്നു കിടക്കുന്ന രാജ്യങ്ങൾ പാകിസ്ഥാൻ, ചൈന, നേപ്പാൾ, ബൂട്ടാൻ, മ്യാൻമാർ, ശ്രീലങ്ക. ഈ രാജ്യങ്ങളിലെ ഭരണാധികാരികൾക്കായി. മാലിദ്വീപിൽ സുവിശേഷ സ്വാതന്ത്ര്യത്തിനായി. |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **1** ഏപ്രിൽ 2 മുതൽ 7 വരെ അങ്കമാലിയിലും, അടൂരും നടക്കാനിരിക്കുന്ന എസ്. എസ്. എൽ ക്യാമ്പുകൾക്കായി. രണ്ടിടങ്ങളിലും കടന്നു വരുന്ന കുട്ടികൾക്കായ്, സീനിയേഴ്സിനായി, ക്ലാസുകൾ എടുക്കുന്നവർക്കായി. ക്യാമ്പിന്റെ ക്രമീകരണങ്ങൾക്കായി. അനുകൂലമായ രാഷ്ട്രീയ അന്തരീക്ഷത്തിനും, കാലാവസ്ഥയ്ക്കുമായി. രക്ഷിക്കപ്പെടാത്തവരുണ്ടെങ്കിൽ കർത്താവിനെ കണ്ടെത്തുവാൻ. | **8** കുഞ്ഞുങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നവർക്കായി. ചൈൽഡ് ഇവാഞ്ചലിസം മിനിസ്ട്രി, ബാലസംഘം പ്രവർത്തനങ്ങൾക്കായി. മദ്ധ്യവേനലവധിക്കാലത്ത് നടക്കുവാൻ പോകുന്ന വി. ബി. എസുകൾക്കായി. സിലബസ് തയ്യാറാക്കുന്നവർക്കുവേണ്ടി. ചിൽഡ്രൻസ് ക്ലബ്ബ്, സണ്ടേ സ്കൂൾ പ്രവർത്തനങ്ങൾക്കായി. | **15** യുവജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി. വൈ. എം. ഇ. എഫ്. ക്യാമ്പുകൾക്കു വേണ്ടി. ഈ പ്രവർത്തനങ്ങൾ മുഖാന്തരം കേരളത്തിലെ അടുത്ത തലമുറ കർത്താവിനായ് പ്രയോജനപ്പെടുവാൻ. കറസ്പോണ്ടൻസ് കോഴ്സുകൾക്കു വേണ്ടി. റ്റീൻസ് ക്യാമ്പുകൾ, ഫാമിലി ലൈഫ് കോൺഫറൻസുകൾ ഇവയ്ക്കായി. | **22** നമ്മുടെ ഇടയിലെ സ്കൂൾ പ്രവർത്തനങ്ങൾക്കു വേണ്ടി. നോയൽ മെമ്മോറിയൽ സ്കൂളുകൾ, റെഹബോത്ത് സ്കൂൾ (തൃശൂർ). വടക്കെ ഇന്ത്യയിലെ നമ്മുടെ സ്കൂളുകൾ. ക്ലാരൻസ് സ്കൂൾ (ബാംഗ്ലൂർ) അനാഥ ശാലകൾക്കു വേണ്ടി. റെഹബോത്ത് ഗേൾസ് ഹോം (തൃശൂർ) ബോയ്സ് ഹോം (ഇരിങ്ങാലകുട) ദയാവിഹാർ (തിരുവല്ല). വടക്കെ ഇന്ത്യയിൽ മിഷൻ സ്കൂളുകൾക്കായി. | **29** ഇന്ത്യൻ ജനസംഖ്യയിലെ മൂന്നിൽ ഒന്നു വരുന്ന കുട്ടികൾക്കു വേണ്ടി. (ഏകദേശം 40 കോടി) ശൈശവ പീഡനവും ബാലവേലയും വർദ്ധിക്കുന്നു. മാതാപിതാക്കൾ ഉപേക്ഷിച്ച കുഞ്ഞുങ്ങളെ ഓർത്ത്. ഇങ്ങിനെയുള്ള കുഞ്ഞുങ്ങളുടെ ഇടയിലെ സുവിശേഷ പ്രവർത്തനങ്ങൾക്കും, പ്രവർത്തകർക്കും വേണ്ടി. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,